# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 3076 — 15.12.2015 ൽ മറുപടിയ്ക്ക്

### നെല്ല് സംഭരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ഈ വർഷം ഒന്നാം വിള കൊയ്ത്ത് ആരംഭിച്ചത് മുതൽ നെല്ല് സംഭരിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ ; | (എ) ഈ വർഷം ഒന്നാം വിള നെല്ല് സംഭരണം ആരംഭിച്ചത് 29.09.2015 മുതൽ ആയിരുന്നു. പ്രസ്തുത കാലപരിധി നിശ്ചയിക്കുന്നത് കേന്ദ്ര സർക്കാർ ആകുന്നു. |
| (ബി) സപ്ലൈകോ ഒന്നും രണ്ടും വിള സംഭരണത്തിന് നിശ്ചയിച്ചിരുന്ന സമയം ഏതായിരുന്നു; | (ബി) കേന്ദ്ര സർക്കാരാണ് ഒന്നും രണ്ടും വിളയ്ക്കുള്ള നെല്ല് സംഭരണ സമയപരിധി നിശ്ചയിക്കുന്നത്. 2015-16 ഒന്നാം സീസൺ 2015 സെപ്റ്റംബർ 29 മുതൽ ഡിസംബർ 31 വരെയും രണ്ടാം സീസൺ 2016 ജനുവരി 1 മുതൽ മെയ് 31 വരെയുമാണ്. |
| (സി) കൊയ്ത്ത് കാലത്ത് തന്നെ സംഭരണം ആരംഭിക്കാതിരുന്നത് മൂലം കൃഷിക്കാർക്കുണ്ടായ നഷ്ടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) ഈ വർഷം നാളിതുവരെ സംഭരിച്ച നെല്ല് എത്രയാണ്; ഉല്പാദനത്തിന്റെ എത്ര ശതമാനം സംഭരിച്ചു; നെല്ല് സംഭരിച്ച ഇനത്തിൽ കൃഷിക്കാർക്ക് കൊടുത്തു തീർപ്പാക്കാൻ ബാക്കിയുള്ള തുക എത്ര; വിശദാംശം ലഭ്യമാക്കുമോ? | (ഡി) 2015-16 ഒന്നാം സീസണിൽ 07.12.2015 വരെ 150799.201 മെ. ടൺ നെല്ല് സംഭരിച്ചു. സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ ഓൺലൈനായി രജിസ്റ്റർ ചെയ്തിരിക്കുന്ന കർഷകരുടെ പാടശേഖരങ്ങളിൽ നിന്നും ഉൽപാദിപ്പിച്ച നെല്ല് കൊയ്തെടുക്കുന്ന മുറയ്ക്ക് സംഭരിച്ചുകൊണ്ടിരിക്കുന്നു. നെല്ല് സംഭരിച്ച വകയിൽ കൃഷിക്കാർക്ക് 07.12.2015 വരെ 237,16,44,410 രൂപ കൊടുത്തു കഴിഞ്ഞു. ഇനി 87,80,46,944 രൂപ കൊടുത്തു തീർക്കുവാനുണ്ട്. |

സെക്ഷൻ ഓഫീസർ